# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4639** **18.5.2017 - ൽ മറുപടിയ്ക്ക്**

## മദ്യ നയം മൂലം വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വന്ന കുറവ്

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ : | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി). |
|---|---|
| മുൻ സർക്കാരിന്റെ മദ്യനയവും ദേശീയ പാതയുടെ 500 മീറ്ററിൽ മദ്യഷാപ്പുകൾ പാടില്ല എന്ന സുപ്രീംകോടതി വിധിയും കേരളത്തിലെ വിനോദ സഞ്ചാര മേഖലയെ ഏത് രീതിയിലാണ് ബാധിച്ചത്; ഈ നയങ്ങൾ കാരണം വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ;വിശദമാക്കുമോ;ഇതിനെ കുറിച്ച് ശാസ്ത്രീയമായ പഠനം എന്തെങ്കിലും നടത്തിയിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദമാക്കുമോ? | മുൻ സർക്കാരിന്റെ മദ്യനയവും ദേശീയ പാതയുടെ 500 മീറ്ററിൽ മദ്യഷാപ്പുകൾ പാടില്ല എന്ന സുപ്രീംകോടതി വിധിയും കേരളത്തിലെ വിനോദ സഞ്ചാര മേഖലയെ ഏത് രീതിയിലാണ് ബാധിച്ചത് എന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല എന്നാൽ 2016-ൽ സംസ്ഥാനത്തെ നിലവിലെ വിനോദസഞ്ചാരികളുടെ വരവിലുള്ള വളർച്ചാനിരക്കിലെ കുറവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് "Trade Research Survey 2016" എന്ന പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിൽ ടൂറിസം രംഗത്തെ തളർച്ചയുടെ മുഖ്യകാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത് പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ ഹോട്ടലുകളിൽ നടക്കുന്ന മീറ്റിംഗ്, കൺവെൻഷനുകൾ, ഗ്രൂപ്പ് ടൂർ, എക്സിബിഷൻ, ഡെസ്റ്റിനേഷൻ കല്യാണങ്ങൾ എന്നിവയിലുണ്ടായ ഇടിവാണ്. ഇതിനൊരു കാരണം നിലവിലെ മദ്യനയം കൂടിയാണെന്ന് പ്രസ്തുത പഠനത്തിൽ കണ്ടെത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ